**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** **23-02-2026 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിലെ വിവിധ ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ വിവിധ ക്ഷേത്രങ്ങളുടെ അധീനതയിൽ ഉണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയാണ് അന്യാധീനപ്പെട്ടിട്ടുള്ളതെന്ന് ക്ഷേത്രം തിരിച്ച് വ്യക്തമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് ദേവസ്വം ഭൂമിയ്ക്കുമേൽ ഉടമസ്ഥാവകാശം ഇല്ല. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി 2007 ൽ സർക്കാർ രൂപീകരിച്ച റിട്ട.തഹസിൽദാർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീം, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 1123 ക്ഷേത്രങ്ങളിൽ സർവെ നടത്തിയതിൽ ഇത്രയും ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 24,693.24 ഏക്കറോളം ക്ഷേത്രഭൂമി കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ ഭൂമി വീണ്ടെടുക്കാൻ എന്തെങ്കിലും നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ സ്വത്തുക്കൾക്ക് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) നിയമത്തിലെ 94 (എ) വകുപ്പ് പ്രകാരം ലാന്റ് കൺസർവൻസി ആക്ട് ബാധകമാണ്. ക്ഷേത്രഭൂമികളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ലാന്റ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ക്ഷേത്രഭരണാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്ഷേത്രഭൂമി വർഷങ്ങൾക്ക് മുൻപ് അനധികൃതമായി കയ്യേറ്റം നടത്തി നിലവിലുള്ള പട്ടയം കേസുകളിൽ, ക്ഷേത്രഭരണാധികാരികൾ ഏകപക്ഷീയമായി എതിർപ്പില്ലാ രേഖ സമർപ്പിക്കാൻ പാടില്ലായെന്നും മലബാർ ദേവസ്വം ബോർഡിന്റെ അനുമതി ഇക്കാര്യത്തിൽ വേണ്ടതാണെന്നും വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>മലപ്പുറം ജില്ല, പന്തല്ലൂർ വില്ലേജിലെ ശ്രീ പന്തല്ലൂർ ദേവസ്വത്തിന് കീഴിൽ വരുന്നതും ബാലന്നൂർ പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വച്ച് വന്നിരുന്നതുമായ റീസർവ്വേ നം.246/01 - ൽ പെട്ട 115.8900 ഹെക്ടർ ഭൂമി, 246/02 ൽ പെട്ട 15.5130 ഹെക്ടർ (324 ഏക്കർ) ഭൂമി ബഹു. ഹൈക്കോടതിയുടെ |

| | | | |
|---|---|---|---|
| | | | WP(C) 9391/2008 വിധി പ്രകാരം 07.08.2018 ന് ദേവസ്വം ഏറ്റെടുത്തിട്ടുണ്ട്.<br><br>കൂടാതെ പാലക്കാട് കല്ലേക്കുളങ്ങര ശ്രീ ഏമൂർ ഭഗവതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ വരുന്നതും പാട്ട കാലാവധി 1997 ൽ പൂർത്തിയായിട്ടും അനധികൃതമായി കൈവശം വച്ചുവരുന്നതുമായ 694.32 ഏക്കർ വരുന്ന ഏലക്ക എസ്റ്റേറ്റ് ഭൂമി ബഹു. ഹൈക്കോടതിയുടെ RSA 515/2012 and connected case മായി ബന്ധപ്പെട്ട് 10.01.2026 ലെ വിധിയുടെ പശ്ചാത്തലത്തിൽ നിയമാനുസൃതം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ